LIBRARY ARCHIVES Kerala Legislative Assembly

ആറ്റിങ്ങൽ മണ്ഡലത്തിലെ പുതിയ മാവേലിസ്റ്റോറുകൾ

185 (5270) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആറ്റിങ്ങൽ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് പുതിയതായി എത്ര മാവേലിസ്റ്റോറുകളും എത്ര ലാഭം മാർക്കറ്റുകളും അനുവദിച്ചിട്ടുണ്ടെന്ന് സ്ഥലങ്ങൾ ഉൾപ്പെടെ വിശദമാക്കാമോ ;

(ബി) അനുവദിക്കപ്പെട്ടിട്ടുള്ളതിൽ ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കാട്ടുപുറം, ചാത്തമ്പാറ എന്നീ സ്ഥലങ്ങളിൽ ഓരോ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുകയും കാരേറ്റ്, നഗരൂർ എന്നീ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ അനുമതി ലഭിച്ച മേൽപ്പറഞ്ഞ നാല് വിൽപ്പനശാലകളും (കാട്ടുപുറം, ചാത്തമ്പാറ, കാരേറ്റ്, നഗരൂർ) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വെള്ളോറയിൽ മാവേലിസ്റ്റോർ

186 (5271) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽ എരമരം-കുറ്റൂർ പഞ്ചായത്തിലെ വെള്ളോറയിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

വെള്ളോറയിൽ മാവേലിസ്റ്റോർ അനുവദിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല. എന്നാൽ നിലവിലുള്ള കേസ്സുകളിലെ അന്തിമവിധിയുടെ അടിസ്ഥാനത്തിലും സപ്ലൈകോയുടെ നിലവിലുള്ള മാനദണ്ഡമനുസരിച്ച് മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് തയ്യാറാകുന്നതിന്റെ അടിസ്ഥാനത്തിലും സാദ്ധ്യതാപഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിലും മേൽവിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.